പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5148 05.07.2012-ൽ മറുപടിയ്ക്ക്

## കെ. എസ്. ഇ. ബി കമ്പനിവൽക്കരണവും പെൻഷൻകാരുടെ ആശങ്കകളും

| ചോദ്യം<br>ശ്രീ. സാജു പോൾ : | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | കെ. എസ്. ഇ. ബി കമ്പനിവൽക്കരണത്തിൻെറ ഭാഗമായി പെൻഷൻ സ്കീമിൽ എന്തെങ്കിലും മാറ്റം കൊണ്ടു വരുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ; | (എ) | കെ. എസ്. ഇ. ബിയെ 2003ലെ വൈദ്യുതി നിയമമനുസരിച്ച് കമ്പനിയായി പുന:സംഘടിപ്പിക്കുമ്പോൾ നിലവിലുള്ള ജീവനക്കാരുടെ പെൻഷൻ വ്യവസ്ഥകൾ ഇപ്പോഴുള്ളതു പോലെ തുടരുന്നതാണ്. പെൻഷൻ വിതരണം ഉറപ്പു വരുത്തുന്നതിനായി പെൻഷൻ ഫണ്ട് ഉണ്ടാക്കുന്നതിനും ഇതിലേയ്ക്ക് ഒരു മാസ്റ്റർ ട്രസ്റ്റിന് രൂപം കൊടുക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | ജീവനക്കാരുടെ ആശങ്കകൾ പരിഹരിക്കാതെ കമ്പനിവൽക്കരണ നടപടിയുമായി മുന്നോട്ട് പോകില്ലെന്ന് ഉറപ്പ് നൽകുമോ ; | (ബി) | പുതിയ കമ്പനിയിലേയ്ക്ക് കൈമാറ്റം ചെയ്യുമ്പോൾ ജീവനക്കാരുടെ വേതനം, പെൻഷൻ തുടങ്ങിയവ സംബന്ധിച്ചുള്ള ആശങ്കകൾ ദൂരീകരിക്കുന്നതിനായി ജീവനക്കാരുടെ സംഘടനാ പ്രതിനിധികളുമായി ചർച്ച ചെയ്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |
| (സി) | കെ. എസ്. ഇ. ബി ജീവനക്കാരുടെ വൺ റാങ്ക് വൺ പെൻഷൻ തുടങ്ങിയ വിവിധ ആവശ്യങ്ങളിന്മേലുള്ള സർക്കാരിൻെറ നിലപാട് വ്യക്തമാക്കാമോ ? | (സി) | ' വൺ റാങ്ക് വൺ പെൻഷൻ ' എന്ന ആശയം കെ. എസ്. ഇ. ബി യിലും നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.